A

# സമഗ്ര ശിക്ഷാ, കേരളം

1012

# അർധവാർഷിക മൂല്യനിർണയം 2023–24

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 10

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(4 x 1 = 4)**

1. "ഈ പറമ്പിലിനി വല്ലതുമൊണ്ടോ ബാക്കി. എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി!"

(കോഴിയും കിഴവിയും)

മർക്കോസിന്റെ വാക്കുകളിൽ പ്രകടമാകുന്നത്?

- സഹതാപം
- കാരുണ്യം
- അമർഷം
- സ്നേഹം

2. "ശ്രീനാരായണഗുരുവാകട്ടെ, തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തിമഹത്ത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു."

'വ്യക്തിമഹത്ത്വം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം?

- വ്യക്തിയുടെ മഹത്ത്വം
- വ്യക്തിയും മഹത്ത്വവും
- വ്യക്തിയാകുന്ന മഹത്ത്വം
- വ്യക്തിയോടുള്ള മഹത്ത്വം

3. "തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ."

(അയ്യപ്പപ്പണിക്കർ)

'കൊത്തിക്കീറുക' എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നത്?

- മറന്നുകളയുക
- ശക്തമായി പ്രതികരിക്കുക
- നിസ്സാരമെന്നു കരുതുക
- പ്രശംസിക്കുക

(മറുപുറം)

4. മുക്കുറ്റികൾ മാവേലിമന്നനെ എതിരേൽക്കാൻ ഒരുങ്ങിനിൽക്കുന്നത്?

- വെള്ളിത്താലമെടുത്ത്
- ദീപക്കുറ്റികൾ നാട്ടി
- മലരിൻകൂട നിറച്ച്
- കമുകിൻപൂവരി തൂകി

5. ശരിയായ പദച്ചേരുവ എഴുതുക.

| | | |
|---|---|---|
| പതുക്കെപ്പതുക്കെ | - | പതുക്കെ, പ്പതുക്കെ |
| ആരുമില്ലാത്ത | - | ആരും, മില്ലാത്ത |
| വിഷമമുണ്ട് | - | വിഷമം, മുണ്ട് |
| ചിറകടിയൊച്ച | - | ചിറകടി, ഒച്ച |

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

6. "ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്."

(പത്രനീതി)

സന്ദർഭത്തിൽ തെളിയുന്ന രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

7. "ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി."

(ശ്രീനാരായണഗുരു)

ഇങ്ങനെ പറയുന്നതിന്റെ രണ്ടു കാരണങ്ങൾ എഴുതുക.

8. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 x 4 = 20)**

9. "ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്താമ്പലുകൾ"

(ഓണമുറ്റത്ത്)

നൽകിയിരിക്കുന്ന വരികളിലെ കാവ്യഭംഗി വ്യക്തമാക്കുക.

(മറുപുറം)

10. • "സംഗതി വളരെ നിസ്സാരമായിരുന്നു. ഒരു കോഴിയെ എറിഞ്ഞുകൊന്നു, അത്രമാത്രം."

• "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു."

(കോഴിയും കിഴവിയും)

നിസ്സാരമായ സംഗതിയിൽനിന്ന് വലിയ പ്രശ്നങ്ങളിലേക്ക് കാര്യങ്ങൾ മാറാനിടയായ സാഹചര്യം എന്ത്? സന്ദർഭങ്ങൾ വിശകലനം ചെയ്യുക.

11. • "ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്."

(എം.എൻ.വിജയൻ)

• "വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി- ഇതൊക്കെയാണ് അധഃസ്ഥിത സമുദായങ്ങൾക്കു വേണ്ടതെന്നു ഗുരു കൂടെക്കൂടെ പറഞ്ഞിരുന്നു."

(കുറ്റിപ്പുഴ കൃഷ്ണപിള്ള)

ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള രണ്ടു നിരീക്ഷണങ്ങളും താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

12. "പത്രത്തെ എതിർക്കേണ്ടിവന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം."

(പത്രനീതി)

സുകുമാർ അഴീക്കോടിന്റെ അഭിപ്രായം ഈ കാലഘട്ടത്തിലും പ്രസക്തമാണോ? നിങ്ങളുടെ നിരീക്ഷണം എഴുതുക.

13. • "തിരിഞ്ഞുനോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമ്മയിൽ വന്നു നിരന്നു നിരന്നു നിൽക്കുന്നത്!"

• "പത്തുനാൽപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തുനിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു."

(കൊച്ചുചക്കരച്ചി)

പ്രകൃതി നൽകിയ മധുരമായ ഓർമ്മകളാണ് ലേഖകനിൽ വന്നുനിറയുന്നത്. സൂചനകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

14. "മഴ കൊണ്ടാലും പാവം തുമ്പകൾ
മലരിൻകൂട നിറച്ചു, വിറച്ചേ
നിൽക്കുകയല്ലോ മേടുകൾ തോറും."

(ഓണമുറ്റത്ത്)

ഓണക്കാല പ്രകൃതിയുടെ മനോഹരമായ ചിത്രം വാക്കുകളിലൂടെ വരച്ചിട്ടിരിക്കുകയാണ് വൈലോപ്പിള്ളി. വരികളും പ്രസ്താവനയും വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(മറുപുറം)

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (2 x 6 = 12)

15. • "അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ, ചത്തകോഴി, ദഹിച്ച് പക്വാശയത്തിലെത്തിയ കോഴി, മത്തായിമാർഗേണ കൂകി: "നോക്കീക്കോ."

• "വല്യമ്മ മർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്തിട്ടു പറഞ്ഞു: "എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവെന്നയങ്ങു വിളിച്ചിരുന്നെങ്കിൽ!"

നൽകിയിട്ടുള്ള സൂചനകളും മറ്റു കഥാസന്ദർഭങ്ങളും പരിഗണിച്ച് 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

16. 'പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോളാണെന്ന പ്രസ്താവനയെപ്പറ്റി ഇന്ന് വായനക്കാർ തെറ്റു പറയുമോ?'

(സുകുമാർ അഴീക്കോട്)

പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്."

(സാമുവൽ ബട്ലർ)

രണ്ടു നിരീക്ഷണങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് 'സത്യസന്ധമായ മാധ്യമ പ്രവർത്തനം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. • "അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം."

(ശ്രീനാരായണ ഗുരു)

• "കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം."

• "നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപ്പെട്ടു കിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു."

(കുറ്റിപ്പുഴ കൃഷ്ണപിള്ള)

വരികളും കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങളും മുൻനിർത്തി 'ഗുരുദേവദർശനങ്ങളിലെ മാനവികത' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.